# പതിനൊന്നാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

ബുള്ളറ്റിൻ – ഭാഗം 1
(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2002 മാർച്ച് 13, ബുധൻ

നമ്പർ 51

രാവിലെ 9.00 മണിയ്ക്ക് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

**ശ്രദ്ധക്ഷണിക്കൽ:-**

1. ബേപ്പൂർ മാറാട് ബീച്ചിൽ ഉണ്ടായ അക്രമത്തിൽ കൊലചെയ്യപ്പെട്ടവരുടെ കുടുംബങ്ങൾക്കും വീടും തൊഴിലുപകരണങ്ങളും നഷ്ടപ്പെട്ടവർക്കും സർക്കാർ പ്രഖ്യാപിച്ച സഹായ പദ്ധതികൾ ഉടനടി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. വി.കെ.സി. മമ്മത്കോയ മുഖ്യമന്ത്രിയുടെ ശ്രദ്ധക്ഷണിച്ചു. മുഖ്യമന്ത്രി അതു സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

2. പി.എസ്.സി. റാങ്കു ലിസ്റ്റുകളിൽ നിന്നും നിയമനം നടത്താതെ താൽക്കാലിക നിയമനങ്ങൾ തുടരുന്നതുവഴി സംവരണവ്യവസ്ഥകൾ അട്ടിമറിക്കപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തിലേക്ക് ശ്രീ. ഉമേഷ് ചള്ളിയിൽ മുഖ്യമന്ത്രിയുടെ ശ്രദ്ധക്ഷണിച്ചു. മുഖ്യമന്ത്രി അതു സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

**ധനകാര്യം :-**

2002–2003 സാംപത്തിക വർഷത്തേബഡ്ജറ്റിനെപ്പറ്റിയുള്ള പൊതുചർച്ച ആരംഭിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

1. ശ്രീ. എം. പി. ഗംഗാധരൻ
2. ശ്രീ. ബിനോയ് വിശ്വം
3. ശ്രീ. യു. സി. രാമൻ
4. ശ്രീ. റോഷി അഗസ്തിൻ
5. ഡോ. എ. നീലലോഹിതദാസൻ നാടാർ
6. ശ്രീ. എ. എൻ. രാജൻ ബാബു
7. ഡോ. കെ. സി. ജോസഫ്
8. ശ്രീ. ജോണി നെല്ലൂർ
9. ശ്രീ. എ. സി. ഷൺമുഖദാസ്
10. ശ്രീ. എം. മുരളി
11. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
12. ശ്രീ. വി. ഡി. സതീശൻ
13. ശ്രീ. എൻ. ഡി. അപ്പച്ചൻ
14. ശ്രീ. പി. കെ. അബ്ദുറബ്ബ്
15. ശ്രീ. കെ. ബാബു
16. ശ്രീ. വി. എസ്സ് അച്ചുതാനന്ദൻ

**പ്രമേയം :**

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പു മന്ത്രി ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച താഴെപ്പറയുന്ന പ്രമേയം സഭ അംഗീകരിച്ചു.

''നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളുടെ 142–ാം ചട്ടത്തിന്റെയും 236–ാം ചട്ടത്തിന്റെ (2)–ാം ഉപചട്ടത്തിന്റെയും വെളിച്ചത്തിൽ 2002–2003 സാംപത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേൽ സബ്ജക്ട് കമ്മിറ്റികൾ നടത്തേണ്ട പരിശോധന നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധ്യമല്ലാത്ത സാഹചര്യം സംജാതമായത് പരിഗണിച്ച് സബ്ജക്ട് കമ്മിറ്റികൾക്ക് പ്രസ്തുത കൃത്യം നിർവഹിക്കുന്നതിനുള്ള സൗകര്യം ലഭിക്കുന്നതിനായി 236–ാം ചട്ടത്തിന്റെ 2–ാം ഉപചട്ടം അടുത്ത സമ്മേളനത്തിന്റെ പ്രാരംഭം വരെ സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു.''

2002 മാർച്ച് 14–ാം തീയതി വ്യാഴാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക്ശേഷം 1.21 ന് സഭ പിരിഞ്ഞു.

കെ.ആർ ഉദയഭാനു,
സെക്രട്ടറി.